ചെറുകഥ

# ശബ്ദസ്വപ്നം

**മുഹമ്മദ് റാഷിദ്**
(മൂന്നാം വർഷ ബിരുദ വിദ്യാർഥി മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം)

"ഇതൊക്കെ വാരിക്കൊടുത്ത് അവിലു വാങ്ങാൻ പറഞ്ഞാൽ കേൾക്കൂല ചെറുക്കൻ..."
മുറിയുടെ മൂലയിൽ കൂനകൂട്ടിയിട്ടിരിക്കുന്ന പഴയ പാഠപുസ്തകങ്ങൾ അടുക്കിപ്പെറുക്കവെ ആരോടെന്നില്ലാതെ ആ ഉമ്മ പരിഭവിച്ചു.
കട്ടിലിൽ മകൻ സുഷുപ്തിയിലാണ്. പെട്ടെന്നവൻ ഞെളിപിരികൊണ്ട് അലറിവിളിച്ചു.
"കൊല്ലരുത്. ഞാൻ രാജ്യസ്നേഹിയാണ്.."
ഭിത്തികൾ പ്രകമ്പനം കൊണ്ടു. ഉമ്മ ഞെട്ടിയെണീറ്റപ്പോൾ കൈയിലിരുന്ന പുസ്തകങ്ങൾ താഴെ വീണു ചിതറി. നാനാത്വത്തിൽ ഏകത്വം കോറിയിട്ട താളുകളും നിലത്തു പരന്നു.
അവർക്കിടയിലെ നിശബ്ദതയ്ക്കു കനം തൂങ്ങിയപ്പോൾ പതറിയ സ്വരത്തിൽ ഉമ്മ:
"പിച്ചും പേയും പറയുന്നോ...? രാവിലെ എണീറ്റ് കോളേജിൽ പോവാനുള്ളോൻ വേണ്ടാത്ത കിനാവും കണ്ട്...."



"ഞാൻ രാജ്യസ്നേഹി... ഇന്ത്യ... രാജ്യസ്നേ..."
മകൻ വിയർത്തു കുളിച്ചു കിടന്നമറുന്നു. മാതൃഹൃദയം നൊന്തു; അവർ മകനെ കുലുക്കി വിളിച്ചു.
"മോനേ, നമ്മളൊക്കെ രാജ്യസ്നേഹികൾ തന്ന്യാ... നീയാരെയാ ഈ ബോധ്യപ്പെടുത്തുന്നേ...?"
മകൻ ഉറക്കത്തിൽനിന്ന് ഞെട്ടിയുണർന്ന് ചാരിയിരുന്നു. അവൻ കിതയ്ക്കുന്നുണ്ടായിരുന്നു.
"എന്റെ... തലയിൽനിന്ന് കിട്ടിയ വെടിയുണ്ടകൾ എവിടെ...?"
"ന്റെ മോനെന്താ പറ്റ്യേത്...?"
ഉമ്മ മകനെ മാറോടണച്ചു തോളിൽ തലോടി.
"എന്തിനാണുമ്മാ എനിക്കു മുസ്‌ലിം പേരിട്ടത്...? എല്ലാവരും പറയ്യാ നമ്മള്..."
ഉമ്മാക്ക് ഉത്തരമില്ലായിരുന്നു; ഉത്തരമറിയില്ലായിരുന്നു. അവർ വിതുമ്പിക്കരഞ്ഞു.
"ആ ഉമ്മാനെപ്പോലെ ന്റുമ്മായും പറയ്യോ... എന്റെ മയ്യത്ത് പോലും കാണണ്ടാന്ന്.... .....നുമ്മടെ രാജ്യസ്നേഹം ആരെയൊക്കെയോ ബോധ്യപ്പെടുത്താൻ വേണ്ടി....?"
"ന്റെ.... മോനേ!"
രണ്ടു ഹൃദയങ്ങളുടെ പെരുമ്പറക്കൊട്ട് രാത്രിയുടെ നിശബ്ദതയ്ക്കു മേലെ ഉയർന്നുകൊണ്ടേയിരുന്നു....

# ഇടവേള

ഈ കാഴ്ച്ച -
ഇരുളുപാകും മുമ്പ്
പ്രത്യാശയുടെ തിളക്കം

ഈ കേട്ടത് -
വാതിലടയും മുമ്പ്
കാതുകളുടെ കൗതുകം

ഈ പറഞ്ഞത് -
തളരും മുമ്പ്
നാവിന്റെ കൗശലം

ഈ ഹൃദയമിടിപ്പ് -
നിലക്കുന്നതിനു മുമ്പ്
ആത്മവിശ്വാസം

ഈ ശ്വസിതം -
അന്ത്യനിമിഷത്തിനു മുമ്പ്
ജീവിത വ്യാമോഹം



. **അനസ് മാള**